# ഒരു നോവൽ
# ഓളെ വരയ്ക്കുന്നു

**ദേശമെഴുത്തിന്റെ മനോഹാരിതയെ അക്ഷരങ്ങളിലേക്ക് പകർത്തിയ,
മുഹമ്മദ് റാഫി എൻ.വിയുടെ 'ഒരു ദേശം ഓനെ വരയ്ക്കുന്നു'
എന്ന നോവലിനെക്കുറിച്ചുള്ള ആഴമാർന്ന പഠനങ്ങളുടെ സമാഹാരം.**

കെ.ഇ.എൻ, ഷാജി ജേക്കബ്, ഡോ. ബി. ഷിബു., ഡോ. ഷംഷാദ് ഹുസൈൻ,
ദീപ നാപ്പള്ളി, ഡോ. പി. സുരേഷ്, യൂസഫ് നടുവണ്ണൂർ, ഡോ. ശ്രീകല മുല്ലശ്ശേരി,
ഡോ. അനിത എം.പി., ഗഫൂർ കരുവണ്ണൂർ, ആദില കബീർ, എം.പി. അനസ്,
താജ് മൻസൂർ, ഡോ. സ്വപ്ന സി. കോമ്പാത്ത്, ഹരിനാരായണൻ എസ്.,
റംല വി.എം., സരോജ റോജ, മുഹമ്മദ് റുമൈസ് കെ.കെ., സുനിത കുനിച്ചേരി,
അഷ്റഫ് എ. എൻ. കെ. നടുവണ്ണൂർ, സി.പി. സുജാൽ, പ്രജില സുരേഷ്,
എൻ.കെ. സലീം, ഡോ. ശിവപ്രസാദ് പി., ഡോ. കെ.എം. ഷെരീഫ്,
ഡോ. ഐശ്വര്യ പി., ആർദ്ര എം. പി., പ്രസൂൻ വി.എസ്., അൻവർ അബ്ദുള്ള
എന്നിവരുടെ പഠനങ്ങൾ.
മലയാള നോവൽ പഠനമേഖലയിൽ ഒരു മുതൽക്കൂട്ട്.

**അവതാരിക: കെ.ഇ.എൻ.**

**എഡിറ്റർമാർ:
ഡോ. ഐശ്വര്യ പി.
ബാലു മുരളീധരൻ നായർ**

Carbon Editions

**പഠനം** Rs. 180/-

കവർ ചിത്രം: ഷെറീഫ് കെ.
രൂപകല്പന: രാഹുൽ രാജ്

2023

ISBN 978-93-95235-29-7
9 789395 235297



# ഒരു നോവൽ ഓളെ വരയ്ക്കുന്നു

എഡിറ്റർമാർ
ഡോ. ഐശ്വര്യ പി.
ബാലു മുരളീധരൻ നായർ

ഭാഷാപോഷിണിയും ദേശാഭിമാനിയും മാതൃഭൂമി ആഴ്ചപ്പതിപ്പും വായിക്കുന്നതായി ഹരം. പലതും മുഴുവനായി മനസ്സിലാവാറില്ലായിരുന്നു. ഷോലികയുടെ പുളിപ്പീടികയുടെ മുകളിലുള്ള ജ്ഞാനസരണി വായനശാലയിൽ പോയി വായിക്കും. പഞ്ചായത്ത് ഗ്രന്ഥശാലയിൽ നിന്ന് പുസ്തകങ്ങൾ മുടങ്ങാതെ എടുക്കും. അങ്ങനെ നോക്കുമ്പോൾ എഴുത്തിലേക്കുള്ള എന്റെ വഴി വായനയും ദേശവും തന്നെയായിരുന്നു. പുസ്തകങ്ങളിലെ ലോകവും ദേശത്തെ സ്ഥലകാല ലോകവും ചേർന്ന് സൃഷ്ടിച്ച ആന്തരിക ജീവിതത്തിലെ ഒറ്റയാൾ പലായനങ്ങൾ വളരെ പിൽക്കാലത്ത് കഥകളും നോവലും എഴുതാൻ പ്രേരിപ്പിച്ചു കാണും. മാതൃഭൂമി ബുക്സ് പ്രസിദ്ധീകരിച്ച എന്റെ ആദ്യ നോവൽ ദേശത്തെ ജീവിതത്തിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ടത് ഒട്ടും യാദൃശ്ചികമായിരിക്കില്ല.

പഠിക്കുന്ന കാലത്ത് എഴുതിയ കഥക്ക് സർവകലാശാല തലത്തിൽ അംഗീകാരം കിട്ടിയിരുന്നെങ്കിലും പിന്നീട് വർഷങ്ങളോളം കഥകൾ എന്നെ തേടി വന്നില്ല. ഈയടുത്ത കാലത്ത് അവ വീണ്ടും വന്ന് എന്റെ വാതിലിൽ മുട്ടി വിളിക്കുന്നു. സങ്കടങ്ങളുടെയും അനുഭവിച്ച കാലങ്ങളുടെയും കൂട്ടുകളുടെയും ഓർമകളുടെയും പുതുകാല ജീവിതത്തിന്റെയും ഓരോരശ്മികൾ! അതിൽ നിന്നും എന്റെ നോവൽ ജനിച്ചു. ഒരു പക്ഷെ പ്യൂപ്പയായി അത് ഉള്ളിലെവിടെയോ ഉറങ്ങി കൂടി ഇരിക്കുന്നുണ്ടാവാം. പൂമ്പാറ്റയായി അത് പിറന്നു. ഒരു ദേശം ഓനെ വരക്കുന്നു! ഒരു കുഞ്ഞു പാവം നോവലാണത്. ജീവിതത്തിന്റെ ഒരു ചെറിയ കഷണം പന്ത്രണ്ട് അധ്യായങ്ങളിൽ കുറുക്കിയെടുത്തത്. വസ്തുതകളും ഭാവനയും ഫാന്റസിയും അനുഭവങ്ങളും ഇടകലർന്ന അനുഭൂതി ജീവിതത്തിൽ നിന്നാണ് അത് ഉയിരെടുത്തത്. പന്ത്രണ്ട് ദിവസം കൊണ്ട് എഴുതിത്തീർത്ത ആ നോവൽ അഞ്ചാറു തവണയെങ്കിലും മാറ്റി എഴുതുകയും കൂട്ടിച്ചേർക്കലുകൾ വരുത്തുകയും തിരുത്തുകയും മറ്റും ചെയ്തിട്ടുണ്ട്. സുഹൃത്തുക്കളെ കൊണ്ട് വായിപ്പിച്ച് അഭിപ്രായം ആരായുകയും കൊള്ളാവുന്നത് എന്ന് തോന്നിയത് സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. കോഴിക്കോട് ജില്ലയിലെ പഴയ കുറുമ്പ്രനാട് താലൂക്കിലെ നാല്പത് വയസ്സ് കഴിഞ്ഞ വ്യക്തികൾക്കായിരിക്കും ഇത് കൂടുതൽ രസിക്കുക എന്ന ഒരു മുൻവിധി എനിക്കുണ്ടായിരുന്നു. എന്നാൽ മുപ്പതിനു താഴെ ഉള്ളവരുടെയും കൊച്ചി തിരുവിതാം കൂർ പ്രദേശത്തുകാരുടെയും കൂടി ഓർമകളും നൊസ്റ്റാൾജിയയും ഇതിലുണ്ട്, അവർക്കും രസിക്കുന്നുണ്ട് മിക്ക ആളുകൾക്കും ഇത് 'ഫ്രഷ്' ആയി കൂടി അനുഭവപ്പെട്ടു എന്ന അഭിപ്രായം കൂടി മുൻ വായനയിൽ നിന്നും ലഭിച്ചത് എനിക്ക് ഏറെ സന്തോഷമുണ്ടാക്കുന്നുണ്ട്. ആത്മകഥാംശം ഉൾച്ചേർന്ന ഒരു കൃതി കൂടിയാണിത്. അനുഭവിച്ച കാലം എന്ന കൗമാരം അതിലെവിടെയോ ഉറങ്ങിത്തിരിക്കുന്നു.

ഒരു ആള് ആണോ ദേശമാണോ ഓനെ വരച്ചത് എന്ന് വായനക്കാർക്ക് സന്ദേഹമുണ്ടാവുന്ന വിധം ഈ നോവലിലെ പ്രധാന കഥാപാത്രം ഒരു സ്ത്രീയാണ്. സമീറ എന്നാണ് ആ പെൺകുട്ടിയുടെ പേര്. ബോധപൂർവ്വം ഒരു സ്ത്രീയെ നായികയാക്കി എഴുതിയതല്ല. എഴുതി വന്നപ്പോൾ അത് അങ്ങനെ ആയിത്തീർന്നതാണ്. ഉമ്മയും സഹോദരികളും മൂത്തമ്മമാരും ഒക്കെ അടങ്ങുന്ന പെണ്ണുങ്ങൾക്കിടയിൽ വളർന്ന് ഇപ്പോഴും പെണ്ണുങ്ങളുടെ സ്നേഹവും ചീത്തവിളിയും വിദ്വേഷവും അഭയവുമെല്ലാം കൂടുതലായി കിട്ടുന്നതു കൊണ്ടാണോ എന്നറിയില്ല. പെണ്ണിന്റെ ഒരു മെറ്റഫർ ആയ ഒരു ഓള് വരച്ച ജീവിതമാണ് 'ഒരു ദേശം ഓനെ വരയ്ക്കുന്നു' എന്നും പറയാമായിരിക്കും. ഉള്ളിൽ നിന്ന് വിടർത്തി മാറ്റാൻ പറ്റാത്ത, ഉരുകി ഉരുകി വീഴ്ന്നടിഞ്ഞ് ഇല്ലാതാവുന്ന വിധം അഭയവും ആശ്രയവും തരുന്ന ഓള് തന്നെയായിരിക്കണം ചിലപ്പോൾ ഓരോ പുരുഷന്റെയും ദേശവും! ഗർഭപാത്രത്തിൽ കൈകൂടിച്ച് പ്യൂപ്പയായി കഴിഞ്ഞ നാൾ മുതൽ തുടങ്ങുന്ന പവുമിസയായി പ്രദക്ഷിണം ചെയ്ത് എന്നിലേക്ക് വരൂ എന്ന് ഓരോ പെണ്ണും മാടി മാടി വിളിക്കുന്നു.

ഓരോ ദേശത്തിനും ഉണ്ടാവും ഒരു പാട് കഥകൾ, ഭൂതകാലവും. നടുവിലെ ഊരായിരുന്നു എന്റെ ദേശം. കാവുന്തറ കോട്ടൂർ കൂട്ടാലിട കിക്കോട് കടവ് വാകയാട് കരോത്ത് തുടങ്ങി ചെറിയ ചെറിയ ദേശങ്ങളുടെ നടുക്കുള്ള ഒരു ഊര്. ഇന്നത് സാമാന്യം ഒരു വലിയ പട്ടണം പോലെ വികസിച്ചു. എന്നിട്ടും പൂർണ്ണമായും ഗ്രാമത്തിന്റെ ചെറുപ്പം ചെറുതായുമില്ല. അത് ചിലപ്പോൾ ഒരു തോന്നലാവാം. ആ ഊരിന്റെ ഒരു പ്രധാന സവിശേഷത പലവിധ ജനങ്ങളുടെ ഇടതിങ്ങലും കലർപ്പുമാണ്. ഏതെങ്കിലും പ്രത്യേക മതത്തിന്റെയോ ജാതിയുടെയോ രാഷ്ട്രീയ പാർട്ടികളുടെയോ ആളുകളുടെ ഘെട്ടോ ജീവിതം ഒട്ടും തന്നെ ഇല്ലാത്ത സ്ഥലം. പൊതുവെ നമ്മുടെ സാഹിത്യത്തിൽ കേരളത്തിൽ ഏതാണ്ട് ഇരുപത്തഞ്ച് ശതമാനത്തിൽ അധികം വരുന്ന ജനസംഖ്യയുടെ ജീവിതം അധികം രേഖപ്പെട്ടിട്ടില്ല എന്നതുകൊണ്ടല്ല ഇതിൽ മുസ്ലിം ജീവിതം മുഖ്യമായി വരുന്നത്. അത് ഞാൻ അത്രക്ക് ക്ലോസ് ആയി അനുഭവിച്ച ജീവിതവും കാലവുമായതു കൊണ്ടായിരിക്കും. മുസ്ലിം ഫോക് മിത്തുകളും ഖുർആനിക് ഇമേജുകളും മാർക്കവും നബിദിനവും നേർച്ചയും ഒന്നും ഞാൻ എവിടെയെങ്കിലും തിരഞ്ഞ് റഫർ ചെയ്തോ കണ്ടന്റ് ഉപയോഗിച്ചോ എഴുതിയതല്ല. ഓർമകളിൽ നിന്നും അത് അനുഭവിച്ച കാലത്തു നിന്നും കട്ടെടുത്ത് ഉൾച്ചേർത്തതാണ്. അത്യാവശ്യത്തിന് കട്ടെടുത്തത് ആവശ്യം കഴിഞ്ഞാൽ തിരികെ കൊടുക്കണമെല്ലോ. എന്നാൽ ഞാനിത് തിരികെ കൊടുത്തിട്ടില്ല. അതെല്ലാം എന്റെ കൈയിൽ നിന്ന് നഷ്ടപ്പെട്ടു പോയതായിരുന്നു. വീണ്ടും ഉള്ളിലേക്ക് വിതെറിഞ്ഞ് മുളപ്പിക്കാൻ പാകത്തിൽ ആ മിത്തുകളും വിശ്വാസ ആചാരങ്ങളും മറ്റും അനുഭൂതികൾ ഉറവയെടുക്കാനായി ഞാനെന്റെ ഉള്ളിലെ എന്നിലേക്ക് വീണ്ടുമെറിയുന്നു.

ഈ നോവലിൽ വന്നും പോയും കൊണ്ടിരിക്കുന്ന ഭൂരിഭാഗം കഥാപാത്രങ്ങളും എന്റെ നാട്ടിലെ ആളുകൾ തന്നെ. കളിക്കൂട്ടുകാരായിരുന്നവർ, എന്നെ സ്നേഹിച്ചവർ, സംരക്ഷിച്ചവർ, എന്റെ ഇത്താത്തമാരും മൂത്തമ്മമാരും എളാപ്പമാരും ബാപ്പയും ഉമ്മയുമൊക്കെ അടങ്ങുന്ന ഒരു ജനപഥം. ആന്റിനകൾക്കു മുമ്പുള്ള കാലമാണ് നോവൽ പാഠങ്ങളിലെ